കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം, കണ്ണൂർ, നിലമ്പൂർ, കോട്ടയ്ക്കൽ, തൊടുപുഴ, പാല, കോട്ടയം, ആലപ്പുഴ, പാലക്കാട്, കാസർകോട് നഗരസഭകൾക്ക് റോഡ് നവീകരണത്തിന് ആകെ 37.6 കോടി രൂപ അനുവദിച്ചു പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 1366/2014/തസ്വഭവ          തീയതി, തിരുവനന്തപുരം 2.6.2014

===

പരാമർശം:- 3/3/2014ലെ സ.ഉ(സാധ)627/2014/തസ്വഭവ നമ്പർ ഉത്തരവ്.

## ഉത്തരവ്

മലപ്പുറം, കണ്ണൂർ, നിലമ്പൂർ, കോട്ടയ്ക്കൽ, തൊടുപുഴ, പാല, കോട്ടയം, ആലപ്പുഴ, പാലക്കാട്, കാസർകോട് നഗരസഭകൾക്ക് റോഡ് നവീകരണത്തിന് ആകെ 37.6 കോടി രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

എന്നാൽ മേൽ ഉത്തരവിൽ ടി പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയെ സംബന്ധിച്ച് വ്യക്തത ഇല്ലാതിരുന്ന സാഹചര്യത്തിൽ, പൊതുമരാമത്ത് വകുപ്പ് മുഖേന ടി പ്രവൃത്തികൾ നടപ്പാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം, ടി മുനിസിപ്പാലിറ്റികളിലെ റോഡ് നവീകരണപ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് വഴി നിർവ്വഹിക്കേണ്ടതും ആയതിന് ആവശ്യമായ തുക ബന്ധപ്പെട്ട നഗരസഭകൾ പൊതുമരാമത്ത് വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ നിക്ഷേപിക്കേണ്ടതുമാണെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പരാമർശ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (R&B) വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (vide UO No. 12850/SFC-C1/2014/Fin. dtd. 4.2.2014)
പൊതുഭരണ (എസ്.സി) വകുപ്പ്
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:-
1) നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്
2) തസ്വഭവ. പ്രിൻ. സെക്രട്ടറിയുടെ പി.എ
3) തസ്വഭവ. സെക്രട്ടറി (നഗരകാര്യം)യുടെ പി.എ
4) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ